(എ) സംസ്ഥാനത്തുനിന്നും ഏതെല്ലാം സാംക്രമികരോഗങ്ങളെയാണ് നിർമ്മാർജ്ജനം ചെയ്തിരുന്നത്;

(ബി) ഇവയിൽ ഏതെല്ലാം രോഗങ്ങൾ തിരിച്ചുവരവ് നടത്തിയിട്ടുണ്ട്;

(സി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; ഇവയെ വീണ്ടും നിർമ്മാർജ്ജനം ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) മസൂരി, മലമ്പനി.

(ബി) മലമ്പനി.

(സി) 1964-ൽ മലമ്പനി കേരളത്തിൽനിന്നും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെങ്കിലും ഇതര സംസ്ഥാനങ്ങളിൽ മലമ്പനി രോഗബാധ നിലനിന്നിരുന്നതിനാൽ ആ സംസ്ഥാനങ്ങളിൽ പോയി തിരിച്ചുവരുന്നവരിലൂടെ രോഗസംക്രമണം വീണ്ടും കേരളത്തിലുണ്ടായി. ഇവയെ വീണ്ടും നിർമ്മാർജ്ജനം ചെയ്യുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. രക്ത പരിശോധനയിലൂടെ രോഗമുള്ള ആൾക്കാരെ കണ്ടെത്തി ചികിത്സ നടത്തുക, പനിയുള്ളവർക്ക് അനുമാന ചികിത്സ നൽകുക.

2. കൊതുകുനിയന്ത്രണം.

3. ആരോഗ്യ ബോധവൽക്കരണത്തിലൂടെ പൊതുജനങ്ങൾക്ക് രോഗപ്രതിരോധത്തിനുള്ള ഉപാധികൾ മനസ്സിലാക്കികൊടുക്കുന്നു.

വനവാസി, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി പട്ടിണി പരിഹാര പരിപാടി

*6 [388] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, *കെ. ബാബു:*
,, *ടി. വി. ചന്ദ്രമോഹൻ:*
,, *എം. എ. ചന്ദ്രശേഖരൻ:*
,, *എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികളുടെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും സെറ്റിൽമെന്റുകളിലും കോളനികളിലും പട്ടിണിയാണെന്ന് പ്രചരിപ്പിച്ച് സാമൂഹ്യ പ്രവർത്തനവും ഭക്ഷ്യ ധാന്യ വിതരണവും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സെറ്റിൽമെന്റുകളിലും കോളനികളിലും പട്ടിണിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സെറ്റിൽമെന്റുകളിലേയും കോളനികളിലേയും പട്ടിണി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലാത്തപക്ഷം വനവാസികൾക്കുവേണ്ടി ട്രൈബൽ പ്ലാനിലും പട്ടികജാതിക്കാർക്കുവേണ്ടി വാർഷിക പദ്ധതിയിലും പട്ടിണിപരിഹാര പരിപാടി ഉൾക്കൊള്ളിക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ഇല്ല. എന്നാൽ കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട പൂക്കുണ്ട് കോളനിയിൽ രോഗബാധിതയായ ആദിവാസി സ്ത്രീ മരണപ്പെട്ട അവസരത്തിൽ സത്യസായി ട്രസ്റ്റ് പ്രവർത്തകർ സൗജന്യ ഭക്ഷണ വിതരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വർഷകാലത്ത് പട്ടികവർഗ്ഗ കോളനികളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. വരൾച്ചയോ വെള്ളപ്പൊക്കമോ ഉണ്ടാകുന്ന അവസരത്തിൽ കോളനികളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സൗജന്യ റേഷനും നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് 2004-2005 ട്രൈബൽ സബ് പ്ലാൻ പദ്ധതി പ്രകാരം പിന്നോക്കം നിൽക്കുന്ന സെറ്റിൽമെന്റുകൾ തിരഞ്ഞെടുത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികജാതി കോളനികളിൽ ഇതുപോലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

ആശുപത്രികളിൽ മെഡിക്കൽ ഓഡിറ്റ് വ്യവസ്ഥ

*7 [389] *ശ്രീമതി ശോഭനാ ജോർജ്ജ്:*
ശ്രീ. ലൂഡി ലൂയിസ്:
,, *കെ. സി. ജോസഫ്:*
,, *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലും ഗവൺമെന്റ് മേഖലയിലുമുള്ള ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് ചികിത്സയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതെപ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യമേഖലയിലോ ഗവൺമെന്റ് മേഖലയിലോ ഉള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സയുടെ മെഡിക്കൽ ഓഡിറ്റ് നടത്തുവാൻ വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly